**പതിമൂന്നാം കേരള നിയമസഭ**
**പതിനഞ്ചാം സമ്മേളനം**

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നം. * 281 16/12/2015-ൽ മറുപടിയ്ക്ക്

## തെങ്ങുകൃഷി

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ.എൻ. ഷംസുദ്ദീൻ**<br>**,, കെ.എൻ.എ.ഖാദർ**<br>**,, കെ.മുഹമ്മദുണ്ണി ഹാജി**<br>**,, സി.മമ്മൂട്ടി** | | **ശ്രീ. കെ.പി.മോഹനൻ**<br>**(കൃഷിയും, മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) കേരളത്തിൽ തെങ്ങുകളുടെ എണ്ണം വളരെയധികം കുറഞ്ഞു വരുന്നതായ റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | തെങ്ങുകളുടെ എണ്ണം വളരെയധികം കുറയുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.<br>സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക – സ്ഥിതി വിവര വകുപ്പിന്റെ കണക്ക പ്രകാരം 2009-10 വർഷം തെങ്ങ് കൃഷി വിസ്തൃതി 7,78,976 ഹെക്ടർ ഉണ്ടായിരുന്നത് 2013-14 വർഷമായപ്പോൾ 8,08,647 ഹെക്ടറായി വർദ്ധിച്ചതായി കാണുന്നുണ്ട്. 2014-15 വർഷത്തെ കണക്കുകൾ പ്രസിദ്ധീകരിച്ചിട്ടില്ല. |
| ബി) എങ്കിൽ തന്മൂലം സംസ്ഥാനത്തിന്റെ സാമൂഹ്യ, സാമ്പത്തിക, പാരിസ്ഥിതിക മേഖലകളിൽ ഉണ്ടാകാവുന്ന പ്രതികൂല മാറ്റങ്ങളെക്കുറിച്ച് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | ബി) | ബാധകമല്ല. |
| സി) തെങ്ങുകൃഷിയിലും വിഭവശേഖരണ, വിപണന മേഖലകളിലുമുള്ള പ്രശ്നങ്ങളെ കൃഷിക്കാരുമായും തൊഴിലാളികളുമായും ബന്ധപ്പെട്ട്, മനസ്സിലാക്കി പരിഹാരം കാണുവാനുള്ള നടപടികൾ സ്വീകരിക്കുമോ? | സി) | തെങ്ങ് കൃഷിയിൽ കർഷകരും തൊഴിലാളികളുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനുള്ള നടപടി കൃഷി വകുപ്പ് സ്വീകരിച്ചിട്ടുണ്ട്. 2014-15 മുതൽ തെങ്ങ |

കൃഷി അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള സമഗ്ര നാളികേര കൃഷി വികസന പദ്ധതി തിരഞ്ഞെടുക്കപ്പെട്ട 30 കേരഗ്രാമങ്ങളിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. കൃഷിക്കാവശ്യമായ വിഭവ ശേഖരണത്തിന് "കേരഗ്രാമം" പദ്ധതിയിൽ ആനുകൂല്യം നല്കി വരുന്നുണ്ട്. തൊഴിലാളി ക്ഷാമം പരിഹരിക്കുന്നതിനായി കാർഷിക കർമ്മസേനകൾ, അഗ്രോ സർവ്വീസ് സെന്ററുകൾ, പഞ്ചായത്തുകളിലെ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി എന്നിവ കേരഗ്രാമം പദ്ധതിയുമായി സംയോജിപ്പിച്ച് നടപ്പിലാക്കി വരുന്നു. തെങ്ങുകയറ്റ തൊഴിലാളികളുടെ ദൗർലഭ്യം പരിഹരിക്കുന്നതിനായി തെങ്ങുകയറ്റ യന്ത്രം സബ്സിഡി നിരക്കിൽ നല്കി വരുന്നു.

തെങ്ങു കൃഷിയുടെ വിപണന മേഖലയിലെ പ്രധാനപ്പെട്ട പ്രശ്നം നാളികേരത്തിനുണ്ടാകുന്ന വിലയിടിവാണ്. ഇതിനു പരിഹാരമായി സംസ്ഥാന സർക്കാർ പച്ച നാളികേര സംഭരണ പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന കൃഷി വകുപ്പും കേരഫെഡും സംയുക്തമായി 01.01.2013 മുതൽ ആരംഭിച്ച ടി പദ്ധതി കൃഷി ഭവനുകൾ മുഖേന നടപ്പിലാക്കി വരുന്നു. സംഭരിക്കുന്ന നാളികേരത്തിന്റെ വില കർഷകർക്ക് ബാങ്ക് അക്കൗണ്ടുകൾ മുഖേനയാണ് നല്കുന്നത്. കർഷകരിൽ നിന്നും സംഭരിക്കുന്ന നാളികേരം കേരഫെഡ്

ഏറ്റെടുത്ത് കൊപ്രയാക്കി മാറ്റുകയാണ് ചെയ്യുന്നത്. ഇതിനോടകം 371 കൃഷി ഭവനുകൾ വഴി 65680 ടൺ പച്ച നാളികേരം സംഭരിച്ചിട്ടുണ്ട്.

സെക്ഷൻ ഓഫീസർ